**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2182** **11/02/2020 ൽ മറുപടിയ്ക്ക്**

**മരുന്ന് വിതരണത്തിന് യോഗ്യരായ ഫാർമസിസ്റ്റുകളുടെ അഭാവം**

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പല ആശുപത്രികളിലുമുള്ള ഫാർമസികളിൽ മരുന്ന് വിതരണം ചെയ്യുന്നത് യോഗ്യരായ ഫാർമസിസ്റ്റുകൾ അല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും യോഗ്യതയുള്ള ഫാർമസിസ്റ്റുകൾ മാത്രമാണ് ജോലി നോക്കുന്നത്. ഫാർമസിസിസ്റ്റുകളുടെ കുറവുള്ള ആശുപത്രികളിൽ താത്കാലികാടിസ്ഥാനത്തിൽ എച്ച്.എം.സി. മുഖേനയോ, എൻ.എച്ച്.എം. മുഖേനയോ ഫാർമസിസ്റ്റുകളെ നിയമിക്കാറുണ്ടെങ്കിലും മതിയായ യോഗ്യത ഉണ്ടെന്ന് ഉറപ്പാക്കുന്നതിന് സംവിധാനങ്ങൾ നിലവിൽ ഉണ്ട്. |
| (ബി) | ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ മറ്റ് ജീവനക്കാർക്ക് മരുന്ന് വിതരണം നടത്താൻ സർക്കാർ അനുമതി നൽകിയിരുന്നോ; പ്രസ്തുത ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നോ; | (ബി) | 1948 -ലെ കേരള ഫാർമസി ആക്ട് പ്രകാരം ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് മരുന്ന് വിതരണം ചെയ്യാവുന്നതാണ്. മറ്റ് ജീവനക്കാർ മരുന്ന് നൽകുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. |
| (സി) | ആശുപത്രികളോട് അനുബന്ധിച്ചുള്ള ഫാർമസികളിൽ യോഗ്യരായ ഫാർമസിസ്റ്റുകൾ മാത്രമേ മരുന്ന് വിതരണം നടത്താവൂവെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ? | (സി) | WP(c)No.37156/2016 ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ലഭ്യമായപ്പോൾ തന്നെ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ് അല്ലാത്തവർ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള ആരോഗ്യവകുപ്പിന്റെ ഉത്തരവ് പിൻവലിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ